# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

07.02.2018 ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നമ്പർ.3049

**വിതുര ഐസറിന് സ്ഥലം വിട്ടുനൽകിയ വ്യക്തിയുടെ പരാതി**

ചോദ്യം
**ശ്രീ. കെ. എസ്. ശബരീനാഥൻ**

ഉത്തരം
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | വിതുരയിലെ ഐസറിന് (IISER) ഗതാഗത സൗകര്യം ലഭിക്കുന്നതിനായി സമീപത്തുള്ള ഭൂവുടമകളിൽ നിന്നും സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഐസറിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ മരുതാമല ഗിരീഷ് ഭവനിൽ ശ്രീ. ഗോപീദാസിൽ നിന്ന് 1.26 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഐസറിന്റെ പ്രധാന വഴി നിർമ്മിക്കുന്നതിനുവേണ്ടി വിതുര വില്ലേജിലെ 2409 -ാം നമ്പർ തണ്ടപ്പേർ ഉടമയായ ശ്രീ. എം. ഗോപീദാസിൽ നിന്നും 1 ഏക്കർ 26 സെന്റ് സ്ഥലം സർക്കാർ പൊന്നും വിലയ്ക്ക് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ശ്രീ. ഗോപീദാസിന് ഐസറിന് വിട്ട് നൽകിയ ഭൂമി കഴിച്ചുള്ള ഭൂമിയിലേയ്ക്ക് വലിയ വാഹനങ്ങൾ കയറ്റുന്നതിന് സൗകര്യപ്രദമായ രീതിയിൽ വഴി വിട്ടിട്ടാണോ സ്ഥലം പൊന്നും വിലയ്ക്ക് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ ഈ സ്ഥിതിവിശേഷം സൂചിപ്പിച്ച് ശ്രീ. ഗോപീദാസും അദ്ദേഹത്തിന്റെ മക്കളും നൽകിയ നിവേദനങ്ങളിൽ ന്യായമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഐസറിനു വേണ്ടി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി ശ്രീ. ഗോപീദാസിൽ നിന്ന് 1.26 ഏക്കർ സ്ഥലം സർക്കാർ പൊന്നും വില നൽകി ഏറ്റെടുക്കുകയും, ടി കക്ഷിയുടെ വീട്ടിലേയ്ക്ക് പോകുന്നതിനായി ഒരു മീറ്റർ വീതിയിൽ വഴി വിട്ടു നൽകിയിട്ടുള്ളതുമാണ്. |
| (സി) | വിതുര ഐസറിനായി പ്രധാന വഴിക്ക് സ്ഥലം നൽകിയതിലൂടെ ശ്രീ. ഗോപീദാസിന് വിതുര-ബോണക്കാട് റോഡിലെ റോഡ് ഫ്രണ്ടേജുള്ള 52 മീറ്റർ സ്ഥലമാണ് നഷ്ടപ്പെട്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പകരമായി ഇതേ റോഡിൽ ഇറങ്ങുന്നതിന് എത്ര മീറ്റർ വീതിയുള്ള വഴിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | | |

.....2

| | | | |
|---|---|---|---|
| (ഡി) | നിലവിൽ പകരമായി നൽകിയിട്ടുള്ള വഴി തീരെ വീതി കുറഞ്ഞതാണെന്ന ശ്രീ. ഗോപീദാസിന്റെയും കുടുംബത്തിന്റെയും പരാതിയിന്മേൽ ഉചിതമായ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | നിലവിൽ നൽകിയിട്ടുള്ള വഴി അപര്യാപ്തമാണെന്നും വീട്ടിൽ വാഹനം കൊണ്ടുപോകുന്നതിന് കൂടുതൽ സ്ഥലം അനുവദിക്കണമെന്നും ശ്രീ. ഗോപീദാസ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപീദാസിൽ നിന്ന് ഏറ്റെടുത്ത ഭൂമിയിൽ നിന്നും 3 മീറ്റർ വീതിയിൽ വഴി വിട്ടുനൽകുന്നതിന് 03.08.2016 ലെ 16442/ജി2/14 ഉ.വി.വ. നമ്പർ കത്തുമുഖേന ഐസറിനു നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നേരത്തേ അനുവദിച്ചു കൊടുത്ത ഒരു മീറ്റർ വഴി ഉപയോഗിക്കാതെ ടിയാനും ടിയാന്റെ പുരയിടത്തിൽ താമസിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളും ഐസർ ക്യാമ്പസിന്റെ ഉള്ളിൽക്കൂടി സഞ്ചരിച്ചു വരുന്ന സാഹചര്യത്തിൽ ഇത് ഐസറിന്റെ ആഭ്യന്തര സുരക്ഷയെ ഗുരുതരമായി ബാധിക്കുമെന്ന് ഐസർ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. തുടർന്ന് ടിയാന് 3 മീറ്റർ വഴി വിട്ടു നൽകണമെന്ന നിർദ്ദേശം സർക്കാർ റദ്ദുചെയ്യുകയുണ്ടായി. ടി ഭൂമിയുടെ പൊന്നുംവില സർക്കാരിൽ തിരിച്ചടക്കണമെന്ന നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. ഐസറിനുവേണ്ടി സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയിൽ മതിൽകെട്ടി സംരക്ഷിക്കാനുള്ള ഐസറിന്റെ തീരുമാനത്തിനെതിരെ ശ്രീ. ഗോപീദാസിന്റെ ഭാര്യയും മകനും ചേർന്ന് നെടുമങ്ങാട് മുൻസിഫ് കോടതിയിൽ 671/2017 നമ്പരായി സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |
| (ഇ) | ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പിലെ 6442/ജി2/2014 കത്ത് പ്രകാരം 3 മീറ്റർ വീതിയിൽ 4 സെന്റ് ഭൂമി ശ്രീ. ഗോപീദാസിനായി തിരിച്ച് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ഈ ഭൂമിക്ക് ശ്രീ. ഗോപീദാസ് കൈപ്പറ്റിയ പൊന്നുംവില സർക്കാരിൽ തിരിച്ച് അടയ്ക്കാമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ